## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തെക്കുംകര ഗ്രാമപഞ്ചായത്ത് - ഭവന പദ്ധതി നടപ്പാക്കുന്നതിന് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 1114/13/തസ്വഭവ തിരുവനന്തപുരം, തീയതി: 23.04.2013.

=====================================================

പരാമർശം:- 1) 11/03/2013-ലെ സ.ഉ(എം.എസ്)നം.83/13/തസ്വഭവ.

2) തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.03.2013-ലെ എ.3- 5004/13 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിൽ നിലവിൽ യാതൊരു ഭവന പദ്ധതിയും ഇല്ലെന്നും നടപ്പുവർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ഭവന നിർമ്മാണ പദ്ധതിയ്ക്കായി തൃശ്ശൂർ ജില്ലയിലെ അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിൽ ഭവനപദ്ധതി നടപ്പാക്കുന്നതിനായി പരാമർശം (1) -ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും, വായ്പാതുകയുടെ പലിശ തനത് ഫണ്ടിൽ നിന്നും കരാർപ്രകാരം കൃത്യമായി അടയ്ക്കുമെന്നുള്ള വ്യവസ്ഥയോടെയും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സി. വൽസല**

ഗവ.ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, തെക്കുംകര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

സെക്രട്ടറി, അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക്, കുണ്ടുകാട്, തൃശ്ശൂർ.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ/&എ), കേരളം, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ